(ബി) റവന്യൂ വകുപ്പിലെ ടൈപ്പിസ്റ്റുമാർ കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ പരിധിയിൽപ്പെടുന്നതാകയാൽ ഇവരുടെ നിയമനവും ഉദ്യോഗക്കയറ്റവും മറ്റും ഇപ്പോൾ ജില്ലാ അടിസ്ഥാനത്തിലാണ് നടക്കുന്നത്. റവന്യൂ വകുപ്പിലെ ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി 1.11.56 മുതൽ സംസ്ഥാനാടിസ്ഥാനത്തിലാക്കുന്നതിലേക്കായി പ്രത്യേകം സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കാര്യം ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെയും, നിയമ വകുപ്പിന്റെയും പബ്ലിക് സർവ്വീസ് കമ്മിഷന്റെയും വിദഗ്ധ നിർണ്ണയസമിതിയുടെയും സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

(സി) റവന്യൂ വകുപ്പിലെ ടൈപ്പിസ്റ്റുമാരുടെ നിയമനവും ഉദ്യോഗക്കയറ്റവും സംസ്ഥാനാടിസ്ഥാനത്തിലാക്കിക്കൊണ്ട് പ്രത്യേകം സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചാലുടൻതന്നെ ടി വിഭാഗം ജീവനക്കാരുടെ സംസ്ഥാന സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

109 (666) കോഴിക്കോട് ജില്ലയിൽ ഒഴിഞ്ഞു കിടക്കുന്ന വില്ലേജ് ഓഫീസർ തസ്തിക നികത്തുന്നതിന് നടപടി

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഇപ്പോൾ എത്ര വില്ലേജ് ഓഫീസുകളിൽ വില്ലേജ് ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിവുള്ള തസ്തികയിൽ കാലതാമസം കൂടാതെ നിയമനം നടത്തുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ഇപ്പോൾ വില്ലേജ്ഓഫീസർ തസ്തികകളൊന്നും ഒഴിഞ്ഞുകിടപ്പില്ല.

(ബി) ബാധകമല്ല.

110 (667) പുതിയ പഞ്ചായത്തുകളുടെ രൂപീകരണം

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവനന്തപുരം ജില്ലയിൽ പുതിയതായി പഞ്ചായത്തുകൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരത്ത് വട്ടപ്പാറ കേന്ദ്രമായി പഞ്ചായത്ത് രൂപീകരിക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നോ;

(സി) എങ്കിൽ എന്നാണ് പുറപ്പെടുവിച്ചത്;

(ഡി) ഈ വിജ്ഞാപനം അനുസരിച്ച് പുതിയ പഞ്ചായത്ത് തുടങ്ങാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് നാട്ടുകാരുടെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പഞ്ചായത്ത് രൂപീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നു.

(സി) 16.8.94-ൽ

(ഡി) ഇല്ല.

(ഇ) പരാതി ലഭിച്ചിട്ടുണ്ട്. അന്തിമ തീരുമാനമെടുത്തിട്ടില്ല.

111 (668) പഞ്ചായത്ത്‌രാജ് ആക്ടിനോടനുബന്ധിച്ചുള്ള ചട്ടങ്ങൾ

ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പഞ്ചായത്ത്‌രാജ് ആക്ടിനോടനുബന്ധിച്ചുള്ള ഏതെല്ലാം ചട്ടങ്ങൾ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(ബി) ഇനി ഏതൊക്കെ ചട്ടങ്ങൾ പ്രസിദ്ധീകരിക്കാനുണ്ട്;

(സി) ഇക്കാര്യത്തിൽ കാലവിളംബം വരുന്നതിനുള്ള കാരണം വിശദീകരിക്കുമോ;

(ഡി) ഈ ചട്ടങ്ങൾ ഏന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 47 എണ്ണം. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ആക്ടിലെ ഏത് വ്യവസ്ഥ നടപ്പാക്കാനും ചട്ടങ്ങൾ പുറപ്പെടുവിക്കാമെന്നതിനാൽ ഇനി എത്ര ചട്ടങ്ങൾ പ്രസിദ്ധീകരിക്കേണ്ടിവരുമെന്ന് ഇപ്പോൾ കൃത്യമായി പറയാൻ കഴിയില്ല.

(സി) കേരള പഞ്ചായത്ത്‌രാജ് ആക്ട് തന്നെ 1999-ൽ ഭേദഗതി ചെയ്തിട്ടുള്ളതിനാൽ അതനുസരിച്ച് ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതുള്ളതുകൊണ്ടും ഒട്ടേറെ ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതുള്ളതുകൊണ്ടും അവയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പോലെ ബൃഹത്തായ ചട്ടങ്ങളും ഉൾപ്പെടുന്നതുകൊണ്ടും അല്പം കാലവിളംബം വന്നിട്ടുണ്ട്.

(ഡി) ചട്ടങ്ങൾ ആവശ്യാനുസരണം തയ്യാറായി വരുന്ന മുറയ്ക്ക് കഴിവതും വേഗം പുറപ്പെടുവിക്കുന്നതാണ്.

112 (669) അധികാര വികേന്ദ്രീകരണത്തോടനുബന്ധിച്ച മാറ്റങ്ങൾ

ശ്രീ. വി.സി. കബീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly